# TALENT 2020



# LITTLE KITES UNIT

## DEEPA HIGH SCHOOL KUZHITHOLU

# TALENT 2020



# CONTENTS


- മുഖമൊഴി
- ചരിത്രതാളുകളിലൂടെ
- ഗുരുസ്മരണ
- Magic of Alphabets
- കൂടെനടക്കാം
- സ്രഷ്ടാവിന്റെ കരവിരുത്
- ഹർഷവർഷമായ്




“Colour of skin may be different
Style of hair may be different
but the colour of blood & flesh is same for all”



# മുഖമൊഴി



കുഴിത്തൊളു ഗ്രാമത്തിന്റെ തിരുമുറ്റത്ത് ദീപാ ഹൈസ്കൂൾ ദീപപ്രഭവിതറി നിൽക്കുകയാണ്. 2020 വർഷത്തിൽ ദീപാ സ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികൾ "ടാലന്റ് 2020"എന്ന ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു.ഇത് കുട്ടികളുടെ സാങ്കതികമേഖലയിലെ അറിവിനെ വളർത്തുന്നു.ഒത്തിരി നിഷ്കളങ്ക ബാല്യങ്ങളുടെ ഒത്തുകൂടലിന്റെ ഫലമായ ഈ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

എല്ലാ വിജയങ്ങളും നേർന്നുകൊണ്ട്,
മോളി പി ജോൺ
{പ്രഥമാദ്ധ്യാപിക}

# കുഴിത്തൊളു ദീപാ ഹൈസ്കൂൾ ചരിത്രതാളുകളിലൂടെ..

തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന പ്രകൃതി രമണീയമായ ഒരു ഗ്രാമമാണ് കുഴിത്തൊളു.ആരംഭകാലം മുതൽ തമിഴ് വംശജർ കച്ചവട ആവശ്യത്തിനും കന്നുകാലികളെ മേയ്ക്കുന്നതിനുമായി ഈ പ്രദേശവുമായി ബന്ധപ്പെട്ടിരുന്നു.ഹരിതാഭ കലർന്ന മലയുടെ താഴ്വാര പ്രദേശമായതിനാലും ജലം സുലഭമായി ലഭിച്ചിരുന്നതിനാലും തമിഴ്നാട്ടിൽ നിന്നും കന്നുകാലികളെ



കൂട്ടമായി മേയ്ക്കുവാൻ ഇവിടെ കൊണ്ടുവന്നിരുന്നു. രാത്രികാലങ്ങളിൽ ഇവയെ ഇവിടെ തന്നെ കെട്ടിയിടുക പതിവായിരുന്നു.കന്നുകാലി കൂട്ടുകൾക്ക് സാധാരണയായി ഉപയോഗിച്ചിരുന്ന പദമാണ് തൊഴുത്ത്. എന്നാൽ തമിഴ് ഭാഷയിൽ ഇത് തൊളു എന്നാണ് ഉച്ചരിക്കുന്നത്.അങ്ങനെ ഈ ഗ്രാമത്തിന് കുഴിത്തൊളു എന്ന് നാമം ലഭിച്ചു.കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 1950 മുതൽ ധാരാളം പേർ ഈ പ്രദേശത്ത് കുടിയേറിപാർക്കുന്നു. കുടിയേറ്റകർഷകരുടെ കുട്ടികൾ 15 കിലോമീറ്ററോളം ചെളിക്കുണ്ടു നിറഞ്ഞ വഴിയിലൂടെ കാല്നടയായി യാത്രചെയ്ത് കല്ലാർ പട്ടം കോളനി ഗവൺമെന്റ് സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്.നാടിന്റെ പുരോഗതിക്ക് വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസിലാക്കിയ പ്രദേശവാസികൾ കുഴിത്തൊളു പള്ളിവികാരിയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് പതാലിൽ അച്ചനെ സമീപിച്ചു.ക്രാന്തദർശിയായ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജാതിമത ഭേദമന്യേ 20 പേർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപികരിച്ചു.ഇവരുടെ ശ്രമഫലമായി ഒരു  ജനതയുടെ ചിരകാലസ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട് ദീപാ സ്കൂളിന്

ആരംഭംകുറിക്കുകയും ചെയ്തു.1976 ജൂൺ 1 ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പൊലിത്ത അഭിവന്ദ്യ മാർ ആന്റണി പടിയറ സ്കൂൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.പ്രഥമാദ്ധ്യാപകനായി എ.എം മത്തായി സാർ ചുമതലയേറ്റു.1976 ൽ എട്ടാം ക്ലാസ്സ് മൂന്ന് ഡിവിഷനുകളിലായി നൂറ്റിപ്പത്ത് വിദ്യാർത്ഥികളും ആറ് അദ്ധ്യാപകരും രണ്ട് അനദ്ധ്യാപകരുമായി പ്രവർത്തനം ആരംഭിച്ചു.

# ഗുരുസ്മരണ

അറിവിൻ പാലാഴി തൻ വെൺമയിൽ മുങ്ങുന്ന
വിദ്യയാം ബിംബത്തിൽ
അക്ഷരചിറകേന്തി കളിവീടൊരുക്കി തൻ
അറിവിൻ മെഴുതിരിനാളവുകിയ
ഗുരുഭൂതരെ എന്നും ഓർത്തിടുക

കണ്ണീർ പുഴകൾ തൻ വിരൽസ്പർശത്താൽ
അനശ്വരമാക്കി ദാഹിച്ചുവരണ്ട നാവുകളിൽ
നെറിവിൻ ജീവജലം ഇുകി
വിദ്യതൻ താഴ്വാരങ്ങളിൽ
അനേകായിരങ്ങൾക്ക് സദ്വചനങ്ങളായി

അജ്ഞരാം ഞങ്ങളിൽ
അറിവിൻ രത്നം വിതറി
ഇരുളിന്റെ ഏകാന്തയാമങ്ങളിൽ
അക്ഷരവെളിച്ചം തെളിച്ചു
വിദ്യതൻ വാതായനം തുറന്നിടുന്നു

ആ താതവാത്സല്യത്തിൻ ചൂടും
മാതൃസ്നേഹത്തിൻ തണുപ്പും
ഗുരുപുഞ്ചിരി തൻ പഞ്ചാമൃതവും നുണഞ്ഞാൽ
അക്ഷര പൂനിലാവിൽ വെൺതാരകം
പോൽ നാം ശോഭിച്ചിടും

**-അന്നപൂർണ്ണ അനിൽ**

# The Magic of Alphabets

Always be positive
Be brave in all things
Confident in life
Dreamful about the future
Energetic appearance towards life
Faith in god
Glory to the god in the highest
Having fun with life
Inspiration to all
Joyful Mind
Kindness heart
Love each other
Meritorious in all fields
Neighbourhood relationships
Obedience to parents
Punctual in time
Quality better than quantity
Respect elders
Spend time to smile
Thankful to others
Useful in all matters
Victorious mind
Win always successfully
X'treme effort
Yes to hardships
Zero not but hero

-ANSU KURIAN



-ജോയൽ ബേബി

# കൂടെ നടക്കാം

അനന്തമേകാന്തമാം ഇരുട്ടിൽ
ആണ്ടുപോയി ഞാൻ ഏകയായി
തകരുമ്പോൾ ആലംബമായി
തളരുമ്പോൾ ആശ്വാസമായ്
എങ്ങുപോയി എന്റെ അമ്മ
എന്നെ തനിച്ചാക്കി
ഇന്നും ഞാൻ പ്രതീക്ഷിപ്പൂ
അമ്മ വരുമെന്നെങ്കിലും
കൂടെ നടക്കുവാൻ കൂട്ടായും
നല്ലതു ചെയ്യാൻ തണലായും
ആശ്വാസമേകുന്ന തണലായും
ജീവിതത്തിന്റെ ഇരുളിൽ
കൈപിടിക്കുന്ന ദീപനാളമായും
ഇന്നും ഞാൻ പ്രതീക്ഷിപ്പൂ
അമ്മ വരും എന്നെങ്കിലും

-വർഗീസ് തോമസ്



-അതുല്യ എ.എസ്

# സൃഷ്ടിതാവിൻ്റെ കരവിരുത്

ആർത്തിരമ്പുന്ന കടലിൽ ഞാൻ നോക്കി
ചുരുളഴിച്ചുവിടുന്ന തിരമാലകൾ
കരംനീട്ടിയെന്നും കരയെ ഉമ്മവയ്ക്കുന്ന സ്നേഹമുത്തുകൾ
പടുകുറ്റൻ പാറക്കെട്ടുകളെ
പുണരുന്ന തിരമാലകൾ
തലയടിച്ച് പൊട്ടിച്ചിതറുന്നു
ആശങ്കയോടെ നമ്മൾ പിന്മാറുന്നു
മനുഷ്യന് പിടിച്ചുനിർത്താൻ
സാധ്യമല്ല എന്നുള്ളത് സത്യം
ഭൂമിയുടെ അഗാധതലങ്ങൾ
ഈശ്വരന്ടെ കരങ്ങളിലാണ്
പർവതങ്ങളും മരങ്ങളും
ശിഖരങ്ങളും അവിടുത്തെ വകയാണ്
പ്രപഞ്ചം മുഴുവനും അവിടുത്തെ
വകയാണ് എല്ലാം എല്ലാം
തരുന്ന ഈശ്വരനാണ്
പ്രപഞ്ച രക്ഷിതാവ്.....

-അയന അജികുമാർ



-നന്ദന ആർ

# ഹർഷവർഷമായ്...

നിഴലിന്ടെ മറവില്ലൂടുണർന്നെത്തി-
യെന്ടെ ഹൃദയാഗ്നിയിൽ
കുളിർഗീതമായി മാറുന്ന
മഴയുടെ അറിവിൽ ഞാനലിയുന്ന
പുളകമായ് നിറയുന്ന നീയെന്ടെ
മനസ്സിലേയ്ക്കൊരു ദ്രുപമായ്
ഏതോ കിനാവിന്ടെ സാഫല്യമായി
മൃദുസ്പർശമേറ്റുഞാനുണരുന്ന
ഒരു ഹർഷവർഷമായ്
നീയെന്നിലലിയുക
നീയെന്നിലുണരുക
ആരും കൊതിക്കാത്തൊരാഹ്ലാദമായ്
കാലത്തിൻ ചിറകിലേറി പറക്കട്ടെ ഞാൻ
പൊഴിയുക മന്നിൽ നീ വീണ്ടും
ദാഹാർത്തമാമീ ധരയുടെ
വറ്റിയ കണ്ണീരിനുറവയാകാൻ

-നന്ദു സാജൻ

AFTER THE LAST TREE IS BEING CUT
AFTER THE LAST RIVER HAS BEEN POLLUTED
AFTER THE LAST FISH HAS BEEN DEAD
ALL OF US WILL REALIZE
WE CANT EAT MONEY

# SAVE THE MOTHER NATURE



# WORDS OF GRATITUDE

WE HEREBY PRESENTS OUR HEARTFELT GRATITUDE TO ALL THOSE WHO HAVE HELPED US TO COMPLETE THIS WORK. THE HARDWORK AND COOPERATION OF MANY STUDENTS AND THE SUPPORT FROM THE TEACHERS HELPED US IN THE COMPLETION OF OUR DIGITAL MAGAZINE ‘TALENT 2020’.THANK YOU ALL.

PRESENTING TO YOU

TALENT 2020